**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** **21-01-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത കയർ തൊഴിലാളികൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. പി. സജീന്ദ്രൻ,**<br>**ശ്രീമതി ഷാനിമോൾ ഉസ്മാൻ ,**<br>**ശ്രീ. കെ. എസ്. ശബരീനാഥൻ,**<br>**ശ്രീ . സണ്ണി ജോസഫ്** | | **Dr. T. M. Thomas Isaac**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത കയർ തൊഴിലാളികൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കുവാൻ വേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 350/- രൂപയുടെ ഒരു ഭാഗം പരമാവധി 110/-രൂപ സർക്കാർ വിഹിതമായി നൽകി വരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 01.01.2019 മുതൽ പ്രതിദിനം 350/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110/- രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും. അതോടൊപ്പം കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപവരെ സർക്കാർ സഹായമില്ലാതെ കയർ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. പരമ്പരാഗത കയർ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടന്ന് ഉറഞ്ഞുപോകുന്ന സ്ഥിതി ഒഴിവാക്കുന്നതിന് 70% വരെ ഡിസ്കൗണ്ട് നൽകി വിൽക്കേണ്ടിവന്നിരുന്ന സ്ഥിതി 2016-17-ന് ശേഷം അവസാനിച്ചു. എംജിഎൻആർഇജിഎസ്-മായി |

| | | | |
|---|---|---|---|
| | | | ചേർന്ന് കയർ കേരള 2017 ൽ ആരംഭിച്ച കയർ ഭൂവസ്ത്ര പരിപാടിയുടെ ഗുണഫലമാണിത്. ഈ പദ്ധതിയ്ക്ക് 13.5% സർക്കാർ ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പ്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാംപെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏറ്റെടുത്തു നടത്തുന്നു. |
| (ബി) | കോവിഡ് പ്രതിസന്ധി മൂലം ബുദ്ധിമുട്ടിലായ പരമ്പരാഗത തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയത്; വിശദമാക്കുമോ; | (ബി) | കോവിഡ് പ്രതിസന്ധി മൂലം ബുദ്ധിമുട്ടിലായ കയർ തൊഴിലാളികൾക്ക് 1000/- രൂപ വീതം പ്രത്യേക ധന സഹായവും കോവിഡ് 19 ബാധിച്ച കയർ തൊഴിലാളികൾക്ക് 4000/- രൂപ വീതം പ്രത്യേക ധന സഹായവും നൽകി വരുന്നു. പെൻഷൻകാർക്ക് ഏപ്രിൽ മാസം 6100/- രൂപ പ്രകാരവും ജൂലൈ മാസം 2600/- രൂപ പ്രകാരവും തുടർന്ന് സെപ്റ്റംബർ മുതൽ പ്രതിമാസ അടിസ്ഥാനത്തിലും പെൻഷൻ നൽകുന്നു. കോവിഡ് കാലത്ത് കയർ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്ക് അവരുടെ വീട്ടുകളിൽ ചകിരി എത്തിച്ചുകൊടുത്തു. |
| (സി) | പരമ്പരാഗത മേഖലയിലെ കയറും കയറുല്പന്നങ്ങളും പരിധിയില്ലാതെ സംഭരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; | (സി) | കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏറ്റെടുത്തു നടത്തുന്നു. സംസ്ഥാനത്തെ ഡീ-ഫൈബറിംഗ് മില്ലുകൾ ഉല്പാദിപ്പിക്കുന്ന ചകിരി 23 രൂപ നിരക്കിൽ കയർഫെഡ് വഴി സർക്കാർ സംഭരിക്കുന്നു. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത കൂലി ഉറപ്പാക്കി ന്യായവില നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിന് കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി ഉറഞ്ഞ്പോകാതെ വിൽക്കേണ്ടിവരുന്ന സ്ഥിതി 2016-17നു ശേഷം അവസാനിച്ചു. ക്രയവില സ്ഥിരതാ പദ്ധതിയ്ക്ക് 13.5% സർക്കാർ ആനുകൂല്യം നൽകിയിരുന്നത് 16% ആയി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പ്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്താൻ സാധിക്കുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാംപെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികളും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നു. ഈ സർക്കാർ കാലയളവിൽ 666.40 കോടി രൂപയുടെ കയറുൽപ്പന്നങ്ങൾ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ കാലയളവിൽ ഇത് 399.64 കോടി രൂപയായിരുന്നു. കയർ സംഭരണം 2015-16 ലെ 78820.40 ക്വിന്റലിൽ നിന്നും 2019-20 ൽ 205000 ക്വിന്റലായി ഉയർന്നു. |
| (ഡി) | ഈ മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (ഡി) | പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിൽ എടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾ സംരക്ഷിക്കുന്നതിനും ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. കയർപിരി തൊഴിലാളികളുടെ പ്രതിദിന വേതനമായ 350 രൂപയുടെ ഒരു ഭാഗം പരാമവധി 110/- രൂപ സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻ കീഴിൽ വരുന്ന എല്ലാ കയർ സഹകരണ സംഘങ്ങളും രജിസ്റ്റേർഡ് പ്രൈവറ്റ് യൂണിറ്റുകളും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസുകളിൽ രജിസ്ട്രേഷൻ ചെയ്യിരിക്കണം. പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ഡീ-ഫൈബറിംഗ്, ഓട്ടോമാറ്റിക് സ്പിന്നിംഗ് എന്നീ ഉയർന്ന വേതനം ലഭിക്കുന്ന മേഖലകളെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്ന സംഘങ്ങൾ/പ്രൈവറ്റ് യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന കയർ കയർഫെഡിൽ വില്പന നടത്തേണ്ടതാണ്. കയർഫെഡിൽ നിന്നും ലഭിക്കുന്ന ബില്ലുകളുടെ പകർപ്പുകൾ കൂടി അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലത്തെ തൊഴിലാളികളുടെ എണ്ണവും നൽകിയ തുകയും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | സൊസൈറ്റികളുടെ / പ്രൈവറ്റ് യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 2015-2016 | 487 | 27178 | 12,45,00,000/- |
| 2016-2017 | 460 | 26891 | 12,44,50,000/- |
| 2017-2018 | 424 | 28923 | 15,07,33,457/- |
| 2018-2019 | 585 | 24052 | 22,64,08,498/- |
| 2019-2020 | 585 | 29352 | 19,67,94,321/- |